കോഴിക്കോട് വനിതാ ഐ.ടി.ഐ.-യുടെ കെട്ടിടം പണി പൂർത്തീകരിക്കാൻ നടപടി

319 [2376] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വനിതാ ഐ.ടി.ഐ.-യുടെ കെട്ടിടം പണി പൂർത്തീകരിക്കാൻ കഴിയാതിരുന്ന സാഹചര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതു വർഷമാണ് പ്രസ്തുത കെട്ടിടത്തിന്റെ പണി ആരംഭിച്ചത്; കരാർ പ്രകാരം എന്നാണ് കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കേണ്ടിയിരുന്നത്;

(സി) പണി പൂർത്തീകരിക്കാൻ കാലതാമസം എന്താണെന്ന് ഗവൺമെന്റ് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ അടിയന്തിര നിർദ്ദേശങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പണി 1-9-1998-ലാണ് ആരംഭിച്ചത്. കരാർ പ്രകാരം 31-5-2000-ൽ പണി പൂർത്തീയാക്കേണ്ടതായിരുന്നു.

(സി) പാർട്ട് ബില്ലുകളുടെ പേയ്മെന്റിന് കാലതാമസമുണ്ടായതു കാരണം കരാറുകാരൻ പണി നിർത്തിവയ്ക്കുകയായിരുന്നു.

(ഡി ആന്റ് ഇ) പണി പുനരാരംഭിക്കുന്നതിലേയ്ക്കായി കരാറുകാരൻ ഉയർന്ന നിരക്ക് ആവശ്യപ്പെട്ടിരിയ്ക്കയാണ്. ഇക്കാര്യം സർക്കാർ ആർബിട്രേഷൻ കമ്മിറ്റിയുടെ പരിശോധനയിലാണ്.

ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ

320 [2377] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് സ്ഥിരമായി കെട്ടിടം, കളിസ്ഥലം, ബോയ്സ് ഹോസ്റ്റൽ, കാന്റീൻ തുടങ്ങിയവയ്ക്ക് 2003-2004 ബഡ്ജറ്റിൽ എന്തു തുക മാറ്റിവച്ചിട്ടുണ്ട്; അതിൽ എത്ര രൂപ ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly